04.07.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1147(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 10268/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ജൂൺ 29**

ഡോ. കെ.ജി. രാധാകൃഷ്ണൻ,
സുഷമ – 10ബി,
ഹീര പാലസ്, കവടിയാർ പി.ഒ.,
തിരുവനന്തപുരം – 695 003. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,
നഗരകാര്യ ഡയറക്ടറാഫീസ്,
സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.

2) അപ്പീൽ അധികാരി &
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
നഗരകാര്യ ഡയറക്ടറാഫീസ്,
സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം. — എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 01.12.2021–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരൻ 22.04.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 23.05.2021 ന് തയ്യാറാക്കിയ മറുപടി കാലതാമസം വരുത്തി 31.07.2021 നാണ് ഹർജിക്കാരന് ലഭിച്ചത് എന്നതിനാൽ ടി വീഴ്ച സംബന്ധിച്ച് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ആയിരുന്ന ശ്രീ. ബച്ചു എം.ആർ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, ടിയാൻ 01.05.2021–ന് മാത്രമാണ് ഉദ്യോഗക്കയറ്റം ലഭിച്ച് ടി തസ്തികയിൽ പ്രവേശിച്ചിട്ടുള്ളതെന്നും, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ 23.4.2021–ന് ടി ഓഫീസിൽ കൈപ്പറ്റിയിട്ടുള്ളതാണെന്നും ആയതിനുള്ള മറുപടി നിശ്ചിത സമയപരിധിയായ 23.5.2021–ന് അംഗീകരിച്ചിട്ടുള്ളതും അന്നേ ദിവസം തന്നെ ഫെയർകോപ്പി രേഖപ്പെടുത്തി ഡെസ്പാച്ച് ചെയ്യുന്നതിനായി ടി ഓഫീസിലെ ഇ2–വിഭാഗം സെക്ഷൻ

കൈകാര്യം ചെയ്തിരുന്ന ശ്രീമതി അനു അരവിന്ദിന്റെ പക്കൽ നൽകിയിട്ടുള്ളതാണെന്നും ടി മറുപടി അയക്കുന്നതിന് ടിയാളുടെ പക്കൽ നിന്നും ഉണ്ടായിട്ടുള്ള വീഴ്ചയാണ് ഇക്കാര്യത്തിൽ സംഭവിച്ചതെന്നും ഓഫീസ് നടപടി ചട്ടങ്ങൾ പ്രകാരം ഫയലിന്റെ കസ്റ്റോഡിയൻ ആയ ശ്രീമതി അനു അരവിന്ദ് അക്ഷന്തവ്യമായ വീഴ്ചയാണ് ഇക്കാര്യത്തിൽ വരുത്തിയിട്ടുള്ളത് എന്നും പ്രസ്തുത മറുപടി അയച്ചുവെന്ന് ഉറപ്പുവരുത്തേണ്ട ഔദ്യോഗിക ബാധ്യത ടിയാൾ ലംഘനം നടത്തിയിരിക്കുന്നു എന്നും ശ്രീമതി അനു അരവിന്ദ് പൊതു വിദ്യാഭ്യാസ വകുപ്പിൽ എൽ.പി.എസ്.എ. ആയി നിയമനം ലഭിച്ച് 15.8.2021 തീയതി ടി ഓഫീസിൽ നിന്നും വിടുതൽ ചെയ്ത് തിരുവനന്തപുരം ജില്ലയിൽ ഗവ.എൽ.പി.സ്കൂൾ, തോട്ടയ്ക്കാട്, കിളിമാനൂർ എന്ന സ്കൂളിൽ ജോലി ചെയ്തു വരികയാണെന്നും ടിയാൾക്ക് കമ്മീഷന്റെ ഉത്തരവിലെ നിർദ്ദേശ പ്രകാരം ബഹു. ഡി.പി.ഐ/ഡി.ഡി. മുഖേന വിശദീകരണം നൽകുന്നതിനായി മെമ്മോ നൽകിയിട്ടുള്ളതുമാണെന്നും ടിയാൻ ടി വിഷയത്തിൽ യാതൊരു വിധത്തിലുള്ള കാലതാമസവും മന:പൂർവ്വമായി വരുത്തിയിട്ടില്ലെന്നുമാണ്.

2. പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ബച്ചു എം.ആർ.ന്റെ ടി വിശദീകരണവും, ഹിയറിംഗ് വേളയിൽ ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചതിൽ ഹർജിക്കാരന്റെ 22.04.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് കാലതാമസം വരുത്തി 31.07.2021 നാണ് ഹർജിക്കാരന് മറുപടി ലഭ്യമായിട്ടുള്ളത് എന്നു കാണുന്നു. വിവരാവകാശ അപേക്ഷ ലഭിച്ച് ആയതിന് 30 ദിവസത്തിനകം മറുപടി നൽകിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ട ചുമതല എസ്.പി.ഐ.ഒ.യുടേതാണ്. അപ്രകാരമുള്ള നടപടി പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ബച്ചു എം.ആർ. സ്വീകരിച്ചില്ല. മാത്രമല്ല ടി വീഴ്ച അംഗീകരിക്കുന്നതിന് പകരം കീഴുദ്യോഗസ്ഥയെ പഴിചാരുക മാത്രമാണ് ടിയാൻ കമ്മീഷനിൽ ഹാജരാക്കിയ വിശദീകരണത്തിലും, ഹിയറിംഗ് വേളയിലും ചെയ്തിട്ടുള്ളത്. ആയതിനാൽ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ട് എന്ന കാര്യം ഉറപ്പ് വരുത്തിയില്ല എന്ന വീഴ്ചയ്ക്ക് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ബച്ചു എം.ആർ. നെ ശിക്ഷിക്കുവാനും പിഴയായി ടി 5000/- രൂപ (അയ്യായിരം രൂപ മാത്രം) ടിയാനിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീ. ബച്ചു എം.ആർ. 5000/- രൂപ (അയ്യായിരം രൂപ മാത്രം) "0070-60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 30/07/2022-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൻ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക

ടിയാന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതുമാണ്.

3. ശ്രീ. ബച്ചു എം.ആർ. കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ വിശദീകരണം പരിശോധിച്ചതിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകുന്നതിൽ വീഴ്ച വന്നത് അന്നത്തെ ഇ-2 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീമതി. അനു അരവിന്ദിന്റെ വീഴ്ച മൂലമാണെന്ന് കാണുന്നു. ആയതിനാൽ ടിയാളെ ഡീംഡ് എസ്.പി.ഐ.ഒ. ആയി കണക്കാക്കി ടിയാളുടെ വിശദീകരണം തേടിയതിൽ ടിയാൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ വിശദീകരണത്തിലും ടിയാളെ നേരിൽ കേട്ട വേളയിലും ബോധിപ്പിച്ചത്, ടിയാൾ നഗരകാര്യ വകുപ്പിൽ 22.5.2017 മുതൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്നു എന്നും 1.11.2019 മുതലാണ് ഇ2-സെക്ഷൻ ക്ലാർക്കായി ചുമതലയേറ്റതെന്നും നഗരസഭാ സെക്രട്ടറിമാരുടെയും മുഴുവൻ നഗരസഭകളിലേയും കണ്ടിൻജന്റ് ജീവനക്കാരുടെയും വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വളരെ പ്രധാനപ്പെട്ടതും തിരക്കുള്ളതുമായ സെക്ഷനുകളിൽ ഒന്നായിരുന്നു ഇ2-വിഭാഗം സെക്ഷൻ എന്നും എന്നിരുന്നാലും ടിയാൾ ജോലി ചെയ്തിരുന്ന കാലയളവിൽ ലഭ്യമായ ഫയലുകളിൻമേൽ കാലതാമസം വരുത്തിയിട്ടില്ലെന്നും കോവിഡ് സാഹചര്യം മൂലം മറ്റൊരു ജില്ലയിൽ താമസക്കാരിയായ ടിയാരിക്ക് നിത്യവും ഓഫീസിൽ ഹാജരാകാൻ സാധിച്ചിരുന്നില്ലെന്നും ആ സമയങ്ങളിൽ വന്ന തപാലുകൾ മേശപ്പുറത്ത് വച്ചിരുന്നതും ആയത് ഓഫീസിൽ വന്നശേഷം ശ്രദ്ധയിൽപ്പെടാതെ പോയതുമായ തപാലിലാണ് മേൽ പരാമർശിത വീഴ്ച സംഭവിച്ചിട്ടുള്ളതെന്നും നിലവിൽ ടിയാൾക്ക് വിദ്യാഭ്യാസ വകുപ്പിൽ എൽ.പി.എസ്.എ. ആയി നിയമനം ലഭിച്ചതിനെ തുടർന്ന് 14.7.2021-ന് നഗരകാര്യ വകുപ്പിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാണെന്നും വിവരാവകാശ അപേക്ഷയ്ക്ക് യഥാസമയം മറുപടി നൽകാതിരുന്നത് ടിയാളുടെ ഭാഗത്തു നിന്നുള്ള ശ്രദ്ധക്കുറവാണെന്നും മന:പൂർവ്വമായി കാലതാമസം വരുത്തിയിട്ടില്ലാത്തതാണെന്നും കോവിഡ് പടർന്നു പിടിച്ച സാഹചര്യത്തിലുണ്ടായ അവിചാരിതമായ ബുദ്ധിമുട്ടുകൾ നിമിത്തം ഉണ്ടായ വീഴ്ചയാണെന്നും ആയത് മാപ്പാക്കി തുടർനടപടികളിൽ നിന്നും ടിയാളെ ഒഴിവാക്കണമെന്നുമാണ്.

4. ശ്രീമതി. അനു അരവിന്ദിന്റെ ടി വിശദീകരണം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. വിവരാവകാശ അപേക്ഷയ്ക്ക് കാലതാമസം വരുത്തി മറുപടി അയച്ചു കൊടുക്കാൻ ഇടയായത് ടിയാളുടെ ഭാഗത്ത് സംഭവിച്ച

വീഴ്ചയാണെന്നതിനാൽ ടിയാളെ ശിക്ഷിക്കുവാനും പിഴയായി 1000/- രൂപ (ആയിരം രൂപ മാത്രം) ടിയാളിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീമതി. അനു അരവിന്ദ് 1000/- രൂപ (ആയിരം രൂപ മാത്രം) "0070-60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 30/07/2022-നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാളുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്.

5. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീ. ബച്ചു എം.ആർ. വിവരാവകാശ അപേക്ഷകൾ ഭാവിയിൽ കൂടുതൽ ജാഗ്രത പുലർത്തി കൈകാര്യം ചെയ്യണമെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ സംഭവിച്ചാൽ ടിയാൻ അച്ചടക്ക നടപടി ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾക്ക് വിധേയനാകേണ്ടി വരുമെന്നും കമ്മീഷൻ ടിയാന് താക്കീത് നൽകുന്നു. **ഇക്കാര്യത്തിൽ ആവശ്യമായ ഉപദേശം ശ്രീ. ബച്ചു എം.ആർ. ന് നൽകുന്നതിനായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി നഗരകാര്യ വകുപ്പ് ഡയറക്ടർക്ക് കൂടി അയച്ചു കൊടുക്കേണ്ടതാണ്.**

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ മാസം 29-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION